# മാധ്യമങ്ങളിൽ പ്രചരിക്കുന്ന മതങ്ങൾ

മണ്ണിക്കരോട്ട്

അമേരിക്കയിലെ മലയാള ആനുകാലികങ്ങളിൽ പ്രവാസി വിഭാഗത്തിന്റെ ഏറിയപങ്കും മതങ്ങളുടെ വാർത്തകളും, അനുബന്ധമായ ചിത്രങ്ങളുമായിട്ടാണ് കാണാൻ കഴിയുന്നത്. ഇത് അമേരിക്കയിൽ മാത്രം കാണുന്ന ഒരു സ്ഥിതിവിശേഷമല്ല. കേരളത്തിലെ പ്രധാനപ്പെട്ട പത്രങ്ങളുടെ പ്രവാസി വിഭാഗത്തിലും സ്ഥിതി മറിച്ചല്ല. അതതു മതത്തിന്റെ പ്രസിദ്ധീകരണങ്ങളിൽ പോലും ഉൾപ്പെടുത്താൻ യോഗ്യമല്ലാത്ത നിസ്സാര കാര്യങ്ങളാണ് ആനുകാലികങ്ങളിൽ വലിയ വാർത്തയാക്കി പ്രസിദ്ധീകരിക്കുന്നത്. ഇതൊക്കെ കാണുമ്പോൾ തോന്നും, അമേരിക്കയിലെ മലയാളികളുടെ മതങ്ങൾക്ക് വാർത്തയാണ് മുഖ്യമെന്ന്. അതോ മതപ്രവർത്തനങ്ങൾ വാർത്തയിൽ ഒതുങ്ങുകയാണോ? അതോ മതങ്ങളും ചില കടലാസുസംഘടനകൾ പോലെ തരംതാണുപോയോ?

മേൽപ്പറഞ്ഞ ചിന്തകൾ ഒരാളുടെ മാത്രം അനുഭവമല്ല. ആനുകാലികങ്ങൾ വായിക്കുന്നവരിൽ ഏറിയപങ്കും ഇത്തരം ഊതിവീർപ്പിച്ച, അനൗചിതമായ വാർത്തകളും ചിത്രങ്ങളും കണ്ടുകണ്ട് അക്ഷമരായിട്ടുള്ളവരാണ്. പത്തുപേർ കൂടുന്നിടത്ത് ഇതേക്കുറിച്ച് സംസാരിക്കുന്നതും ചിലരെങ്കിലും ആരോടെന്നില്ലാതെ രോഷാകുലരാകുന്നതും കണ്ടിട്ടുണ്ട്. പലരും ചോദിക്കും; മതങ്ങൾക്ക് ഇത്തരം 'ചീപ്പ് പോപ്പുലാരിറ്റി' ആവശ്യമോ? എന്തിനാണിങ്ങനെ വായനക്കാരുടെ ക്ഷമ പരിശോധിക്കുന്നത്? എന്നൊക്കെ. ഇതൊക്കെ അപഹാസ്യവും സാമൂഹ്യ പീഡനവുമായിട്ടാണ് എല്ലാവരും കാണുന്നത്.

ഒരു ഉദാഹരണം നോക്കാം. മേലധികാരികളുടെ സ്വീകരണത്തെക്കുറിച്ചാകട്ടെ. അത് വിമാനത്താവളങ്ങളിൽ ആരംഭിക്കും. പിന്നീടങ്ങോട്ട് വാർത്തകളും ചിത്രങ്ങളുമായി ഒരു പരമ്പരയായി തുടരും. ചിത്രങ്ങളിൽ കോട്ടുസൂട്ടണിഞ്ഞ് കൃതൃമ ചിരിയും പരത്തി വിലസുന്ന നേതാക്കളായിരിക്കും കൂടുതലും. ഇനിയും തദ്ദേശിയ പ്രധാനികളുടെ സ്വീകരണമാണെങ്കിലോ? അത് നിഴൽപോലെ പിന്തുടരുകയാണ്. എന്നും എങ്ങും എവിടെയും സ്വീകരണം. ഇതെന്തേ! അമേരിക്കയിലെ ദേവാലയങ്ങൾ സ്വീകരണാലയങ്ങളായി മാറിയിരിക്കുന്നവോ? അമേരിക്കയിൽ മലയാളികളുടെ ദേവാലയങ്ങൾ പിരിവാലയങ്ങളും പിഴിവാലയങ്ങളുമായിട്ടാണ് പൊതുവെ അറിയപ്പെടുന്നത്. ഇപ്പോഴത് ഒരു പടികൂടി കടന്ന് സ്വീകരണാലയവുമായി മാറയിരിക്കുകയാണെന്നു തോന്നുന്നു.

മനുഷ്യനും സമൂഹത്തിനും മദ്ധ്യേയുള്ള കണ്ണാടിയാണ് മാധ്യമങ്ങൾ. മാധ്യമങ്ങൾക്ക് മതങ്ങളും, മതങ്ങൾക്ക് മാധ്യമങ്ങളും ആവശ്യംതന്നെ. എന്നുമാത്രമല്ല മാധ്യമങ്ങളുടെ നിലനിൽപ്പിന് മതങ്ങളുടെ സഹകരണം അനിവാര്യവുമാണ്. എന്നാൽ മാധ്യമങ്ങളില്ലെങ്കിലും മതങ്ങൾക്ക് ഒരു കുറവും സംഭവിക്കാൻ പോകുന്നില്ല. കാരണം മതങ്ങൾ മാധ്യമങ്ങൾക്കുവേണ്ടിയല്ല മനുഷ്യർക്കുവേണ്ടിയാണ് നിലകൊള്ളേണ്ടതെന്ന അടിസ്ഥാനതത്വംതന്നെ. ഈ അടിസ്ഥാനതത്വമാണ് ഇവിടെ ദുരുപയോഗപ്പെടുത്തി പത്രത്താളുകളിൽ ഒതുക്കുന്നത്.

വാർത്തകൾ വാർത്താപ്രാധാന്യമുള്ളവയായിരിക്കണം. ചെറുപ്പകാലത്ത് മാതാപിതാക്കളും മറ്റ് മുതിർന്നവരും ഉപദേശിക്കുമായിരുന്നു തീർച്ചയായും പത്രം വായിക്കണമെന്ന്. പത്രപാരായണത്തെക്കുറിച്ച് അദ്ധ്യാപകർക്കും ഇതേ ഉപദേശംതന്നെയായിരുന്നു. കാരണം ലോകമെമ്പാടുമുള്ള വാർത്തകളറിയാനും പൊതുവിജ്ഞാനം (General knowledge) വർദ്ധിപ്പിക്കാനും പ്രധാന മാർഗ്ഗം പത്രപാരായണം എന്നുള്ളതുതന്നെ. മാർക്ക് ഫെഡ്മാൻ പറയുന്നത് 'The medium is the message' എന്നാണ്. ശരിയല്ലേ? അതായത് ലോകത്തിന്റെ സന്ദേശവാഹികളാണ് മാധ്യമങ്ങൾ. അങ്ങനെയുള്ള മാധ്യമങ്ങളാണ് ഇവിടെ ദുർവിനിയോഗപ്പെടുന്നത്.

ഇതൊരു വലിയ കടന്നുകയറ്റമായി തുടരുകയാണ്. അമേരിക്കയിലെ മലയാളി മതസമുദായങ്ങളിൽ പരക്കവ്യാധിപോലെ പടർന്നു പിടിച്ചിരിക്കുന്ന ഒരു ദുഷ്പ്രവണത. അതുകൊണ്ട് കേരളത്തിലെ മാധ്യമങ്ങളിൽ മതവാർത്തകൾ ഇല്ലേ എന്ന ചോദ്യമുയർന്നേക്കാം. തീർച്ചയായും ഉണ്ട്. ഉണ്ടാകുകയും വേണം. കാരണം മതങ്ങൾ സമൂഹത്തിന്റെ ഭാഗമാണ്. മതങ്ങളുടെ പ്രവർത്തനങ്ങൾ സമൂഹത്തെ സ്വാധീനിക്കാൻകഴിയും. അതുകൊണ്ടുതന്നെ സമൂഹത്തെ ബാധിക്കുന്ന വിവരങ്ങൾ വാർത്തകളാണ്. അത് സമൂഹം മനസ്സിലാക്കുകയും വേണം. അല്ലാതെ അമേരിക്കയിലെ ആനുകാലികങ്ങളിൽ കാണുന്നതുപോലെ ഗാർഹിക കാര്യങ്ങൾപോലുള്ള ദൈനംദിന കാര്യങ്ങളല്ല വാർത്തയെന്നപേരിൽ മാധ്യമങ്ങളിൽ ഇടം തേടേണ്ടത്?

ഈ വാർത്താമലിനീകരണം (news pollution) സമൂഹത്തിന്റെ ഒരു വിഭാഗത്തിൽ മാത്രം

ഒതുങ്ങുന്നതല്ല. മലിനീകരണത്തിന്റെ അണുക്കളും പേറി പറന്നലയുന്ന ധാരാളം ക്ഷുദ്രജീവികളെ സമൂഹത്തിന്റെ സമസ്ത മേഖലകളിലും കാണാൻ കഴിയും. അവർക്ക് കാണുന്നതെല്ലാം വാർത്തയാണ്. പിന്നീടത് 'ഓൺലൈൻ' എന്ന് ഓമനപ്പേരിലറിയുന്ന സാങ്കേതിക മാർഗ്ഗം ചൂഷണംചെയ്ത് പത്രങ്ങളുടെ പ്രവാസി വിഭാഗം നിറയ്ക്കും. പിന്നീട് അമേരിക്കയിലെ ആനുകാലികങ്ങളെ സ്വാധീനച്ച് അതിലും എങ്ങനെ യെങ്കിലും ഇടം കണ്ടെത്തും. നിസ്സാരമായ കാര്യങ്ങൾപോലും ഏതോ മഹാസംഭവംപോലെ പർവ്വതീകരിച്ച്, വെട്ടി നുറുക്കി കഷണം കഷണമാക്കി, വിവിധ തലക്കെട്ടിൽ അവതരിപ്പിക്കും.

പീഡനങ്ങളാകുന്ന ഇത്തരം പ്രഹസനങ്ങൾ വാർത്തയ്ക്കുവേണ്ടിയല്ല മറിച്ച് ആർക്കൊക്കെയൊ പെട്ടെന്ന് പ്രശസ്തരാകാമെന്ന വ്യാമോഹത്തിന്റെ ബഹിർസ്പുരണങ്ങൾ മാത്രമാണെന്ന് എല്ലാവർക്കും അറിയാം. എന്നിട്ട് തങ്ങൾ പത്രപ്രവർത്തകരും പത്രലേഖകരുമൊക്കെയണെന്നുള്ള ഭാവത്തിൽ, വൈക്കം മുഹമ്മദ് ബഷീറിന്റെ എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ മാനത്തുനോക്കി അഭിമാനം കണ്ടെത്തുന്നു. ഇത്തരം നേതാക്കൾ എന്തുവിലകൊടുത്തും പത്രക്കാരെ സ്വാധീനിക്കാനും മടിക്കുന്നവരല്ല.

മതങ്ങൾക്ക് അതിന്റേതായ പ്രാധാന്യവും പാരമ്പര്യവുമുണ്ട്. തനതായ പവിത്രതയും വിശ്വാസ വുമുണ്ട്. സഹസ്രാബ്ദങ്ങളായി, നൂറ്റാണ്ടുകളായി മതങ്ങൾ അതതിന്റേതായ പാരമ്പര്യവും മൗലികതയും നിലനിർത്തുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇന്നുകാണുന്ന പരസ്യപ്രസ്താവനകൾ, വാസ്തവത്തിൽ മതത്തിന്റെ മൗലികതയക്ക് മങ്ങലേൽപ്പിക്കുകയാണ് ചെയ്യുന്നത്. പ്രസിദ്ധരായ പല മതപ്രവർത്തകരും സത്യാന്വേഷികളും ചിന്തകരും മതത്തിന്റെ ദുരുപയോഗത്തെക്കുറിച്ച് നൂറ്റാണ്ടുകൾക്കു മുമ്പേ മുന്നറിയിപ്പു നൽകിയിട്ടുള്ളത് ഇവിടെ അന്വർത്ഥമായിരിക്കുന്നതായിട്ടാണ് കാണാൻ കഴിയുന്നത്.

17-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന പ്രശസ്ത ചിന്തകനും എഴുത്തുകാരനും സുവിശേഷ പ്രവർത്തകുനുമായ ജോൺ ബുനിയൻ (John Bunyan) ഇങ്ങനെ പറഞ്ഞിരിക്കുന്നു. "മനുഷ്യന് ഉണ്ടാകാവു ന്നതിൽ ഏറ്റവുംനല്ല കവചമാണ് മതം, എന്നാൽ അതുതന്നെയാണ് ഏറ്റവും ദുഷിച്ച ആവരണവും" (Religion is the best armor that a man can have, but it is the worst cloak). 17-ാം നൂറ്റാണ്ടിലെ മറ്റൊരു എഴുത്തു കാരനായ സ്വിഫ്റ്റ് (Swift) പറയുന്നു "നമുക്ക് കലഹിക്കാനും വെറുക്കുവാനും ധാരാളം മതങ്ങളുണ്ട്, എന്നാൽ പരസ്പരം സ്നേഹിക്കാൻ അധികമൊന്നും ഇല്ലതാനും" ((We have just enough Religion to make us hate, but not enough to make us love one another). ഇതേ ആശയംതന്നെയാണ് മറ്റ് പല ചിന്തകർക്കുമുള്ളത്. "അത്മാർത്ഥതയില്ലാതെ പ്രസംഗിക്കാനും പ്രവചിക്കാനും മാത്രമായിരിക്കുകയാണ് മതങ്ങളെ"ന്ന് ശാസ്ത്ര ജ്ഞനും തത്വജ്ഞാനിയും വേദപണ്ഡിതനുമായ ടയാർഡ് ഷാർഡൻ (Teilhard De Chardin) പറയുന്നു.

മതത്തെക്കുറിച്ച് ശ്രീബുദ്ധന്റെ അഭിപ്രായം മറ്റൊന്നാണ്. "This is my simple religion: there is no need for temple, no need for complicated philosophy. Our own brain, our own heart is is our religion; the phylosophy is kindness."ചുരുക്കത്തിൽ എന്റെ മതം ഇതാണ്: സങ്കീർണ്ണമായ തത്വശാസ്ത്രത്തിന്റെയൊ ക്ഷേത്രത്തിന്റെയൊ ആവശ്യമില്ല. നമ്മുടെ ചിന്തയും ഹൃദയവുമാണ് മതം. ദയയാണ് അതിന്റെ തത്വശാസ്ത്രം. എന്നാൽ ഇവിടെ മതത്തിന്റെ ദിശാബോധമാണ് നഷ്ടപ്പെട്ടിരിക്കുന്നത്.

ഒരു സമയത്ത് (എഴുപതുകളിലും എൺപതുകളിലും) അമേരിക്കയിൽ ജാതിമതഭേദമന്യേ വളരു കയും ഉയരുകയും ചെയ്ത മലയാളികളുടെ സാമൂഹ്യ-സാംസ്ക്കാരിക വേദികൾ മതങ്ങൾ അധീനപ്പെടു ത്തി. വാസ്തവത്തിൽ ഈ അധീശാധികാരത്തിൽ ഞെരിപിരികൊള്ളുകയാണ് യഥാർത്ഥ മതവും ആത്മീയ വും. ഈ പാരതന്ത്ര്യത്തിൽനിന്ന് സ്വാതന്ത്ര്യം നേടാൻ കഴിയാതെ പിടയുകയാണ് ബോധമനസ്. ഇവിടെ ആത്മീയം അന്യാധീനപ്പെടുന്നു. ഈശ്വരൻ വില്ക്കപ്പെടുന്നു. മതം ഉപഭോഗവസ്തുപോലെ പണത്തിലും പിന്നെ മാദ്ധ്യമങ്ങളിലും ഒതുങ്ങുകയും ചെയ്യുന്നു.

ഇനിയും ബൈബിൾ മതത്തെക്കുറിച്ചും ഭക്തിയെക്കുറിച്ചും എന്താണ് പറയുന്നതെന്നു നോക്കാം. "If any one thinks he is religious and does not bridle his tongue but deceives his heart, his religion is in vain. Religion that is pure and undefiled before God and the Father is this: to care for orphans and widows in their affliction and to keep oneself unstained by the world." (James 1: 26-27). ചുരുക്കത്തിൽ ഒരുവൻ മതവിശ്വാ സിയാണെന്നു പറയുകയും സ്വന്തം നാവിനെ നിയന്ത്രിക്കാതെയും ഹൃദയത്തെ വഞ്ചിക്കുകയും ചെയ്യുന്ന വന്റെ മതം വ്യർത്ഥമാണ്. പിതാവായ ദൈവത്തിന്റെ മുമ്പിൽ പരിശുദ്ധവും നിഷ്ക്കളങ്കവുമായ മതം (ഭക്തി) ഇതാണ്: അനാഥരുടേയും വിധവമാരുടേയും ദുഃഖത്തിൽ പങ്കുചേരുകയും അവരെ സഹായിക്കുകയും ചെയ്യുക; ലോകത്തിന്റ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക. ഇതാണ് യേശുക്രിസ്തുവിന്റെ സഹോദരനായ (Cousin) ശ്ലീഹ മതത്തെക്കുറിച്ചു പറയുന്നത്.

ഇതാണ് ഭക്തി. ഇതാണ് മതം. അതായിരിക്കണം മതത്തിന്റെ ലക്ഷ്യം. അല്ലാതെ പണം പിഴിയലും

മാധ്യമങ്ങളിൽ ഇടിച്ചും ഇഴഞ്ഞും ഇരന്നും കയറുന്നതുമല്ല മതവും ഭക്തിയും. ഈ കടന്നുകയറ്റത്തെ മാധ്യമങ്ങളും നിരുത്സാഹപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്. അതായത് ഉണ്ണുന്നവനറിഞ്ഞില്ലെങ്കിൽ വിളമ്പുന്നവനെങ്കിലും അറിയുക എന്ന പഴമ ഇവിടെ ബാധകമാകണം. ഇനിയുമെങ്കിലും മതപ്രചരണങ്ങൾക്ക് മാധ്യമങ്ങളെ ആയുധമാക്കാതെ അനാഥരുടെയും വിധവമാരുടെയും ദുഖത്തിൽ പങ്കുചേരുകയും ലോകത്തിന്റെ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുകയും ചെയ്യുക. അതോടോപ്പം "തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കുകയും ചെയ്യുക." അതാകട്ടെ മതങ്ങളുടെ മാധ്യമങ്ങൾ.